LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ എസ്.സി/എസ്.ടി കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

145 (742) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എത്ര പദ്ധതികൾ, എവിടെയൊക്കെ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികളുടെ എണ്ണം: 2010-11-ലെ എസ്.സി.പി/റ്റി.എസ്.പി പദ്ധതികൾക്ക് വേണ്ടിയുള്ള പൂൾ ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് സർക്കാരിൽ സമർപ്പിച്ച പദ്ധതികൾ-3. ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിച്ചത് -3. പട്ടികജാതി വികന വകുപ്പിൽ സമർപ്പിച്ചത്-45.

(ബി & സി) താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു :

1. പൊരുന്നം പിലാവ് ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വളയം പഞ്ചായത്ത്) പണി കഴിഞ്ഞു കമ്മീഷൻ ചെയ്തു.

2. വാളാതോട് ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) തുക മതിയാകാത്തതുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. മാടാഞ്ചേരി ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) പണി തുടങ്ങി പുരോഗമിച്ചുവരുന്നു.

4. പന്നിയേരി ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്) പണി പുരോഗമിച്ചുവരുന്നു.

5. വെള്ളുവൻകുന്ന് കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്) കുഴൽകിണർ കുഴിക്കുവാനുള്ള തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് നൽകിയിട്ടുണ്ട്.

6. കാരിമുണ്ട് കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്) ഈ സ്ഥലത്ത് കുഴൽകിണർ കുഴിക്കാൻ കഴിയില്ലെന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

7. പട്ട്യാട്ടു മീത്തൽ കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്) ഈ സ്ഥലത്ത് കുഴൽകിണർ കുഴിക്കാൻ കഴിയില്ലെന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

8. ചിറയ്ക്കൽ കോളനിയിലേക്കുള്ള പദ്ധതി (കാവിലുംപാറ പഞ്ചായത്ത്)- കുഴൽകിണർ കുഴിക്കുവാനുള്ള തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ട്.

9. അടുപ്പിൻ കെട്ടിൽ ട്രൈബൽ കോളനിയിലേക്കുള്ള പദ്ധതി (വാണിമേൽ പഞ്ചായത്ത്)- പ്രവൃത്തി പൂർത്തിയായി. ട്രയൽ റൺ നടത്തി വരുന്നു.

10. കൊളത്തൂർ എസ്റ്റേറ്റ് കോളനിയിലേക്കുള്ള പദ്ധതി (ചക്കിട്ടപ്പാറ പഞ്ചായത്ത്) പ്രവൃത്തി ആരംഭിച്ചു. പുരോഗമിച്ചുവരുന്നു.

കുട്ടനാട്ടിലെ ഓവർ ഹെഡ് ടാങ്കുകളിൽ ശുദ്ധജലമെത്തിക്കാൻ നടപടി

146 (743) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ ഏതെല്ലാം ഓവർ ഹെഡ് ടാങ്കുകളിലാണ് നിലവിൽ ശുദ്ധജലം ലഭ്യമാകാത്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ടാങ്കുകൾ എന്ത് തുക ചെലവഴിച്ചു എന്ന് നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) രാമങ്കരി, മുട്ടാർ, തലവടി വാട്ടർ ടാങ്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഈ ടാങ്കുകളിലേക്ക് പൈപ്പുലൈൻ സ്ഥാപിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കുട്ടനാട്ടിർ രാമങ്കരി, മുട്ടാർ, തലവടി എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ഓവർ ഹെഡ് ടാങ്കുകളിൽ നിലവിൽ ശുദ്ധജലം ലഭ്യമാകുന്നില്ല. കുട്ടനാട്ടിൽ നീരേറ്റുപുറത്ത് ഇപ്പോൾ പണി നടന്നുവരുന്ന 14 mld ശുദ്ധീകരണശാല കമ്മീഷൻ ചെയ്യുമ്പോൾ ടി ടാങ്കുകളിൽ വെള്ളമെത്തിക്കാൻ കഴിയുന്നതാണ്.

(ബി) രാമങ്കരി 16.49 ലക്ഷം രൂപ 22-7-2009-ൽ പൂർത്തിയായി.

മുട്ടാർ - 15.05 ലക്ഷം രൂപ. പൂർത്തിയായിട്ടില്ല.
(വെർട്ടിക്കൽ കണക്ഷൻ പൂർത്തിയാക്കാനുണ്ട്.)

തലവടി- 23.46 ലക്ഷം രൂപ 15-1-2007-ൽ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly